

കർത്താവേ,
അങ്ങയുടെ മരണം
ഞങ്ങൾ പ്രഖ്യാപിക്കുന്നു


ആൽബർട്ട്
ഹോളൻസ്റ്റൈൻ


# കുരിശിന്റെ വഴി

മൊഴിമാറ്റം | ക്ലെമന്റ് വള്ളുവശ്ശേരി



പ്രലേറ്റ് ആൽബർട്ട് ഹോളൻസ്റ്റൈൻ

"കുരിശിന്റെ പാതയിൽ യേശുവിനെക്കുറിച്ച് ധ്യാനിക്കുകമാത്രമല്ല, യേശുവിനോട് ഒരു സ്നേഹിതനോടെന്നവണ്ണം സംസാരിക്കുകയും ദൈവവുമായുള്ള സംഭാഷണംവഴി നമ്മുടെ ഹൃദയവും മനസ്സും തുറക്കുകയും ചെയ്യുക; അവന്റെ നിശ്ശബ്ദതയിൽ, അവന്റെ നിസ്സഹായാവസ്ഥയിൽ, അവന്റെ പ്രോത്സാഹനത്തിൽ...കുരിശിന്റെവഴിയിലെ ഓരോസ്ഥലവും നമ്മെ സ്പർശിക്കാൻ അനുവദിക്കുന്നതിനു പകരമായി, പലപ്പോഴും നാം നമ്മുടെ "കുരിശിന്റെവഴി"പ്രാർത്ഥനയിൽ കൂടുതൽ സംസാരിക്കുകയല്ലേ എന്നെനിക്കു തോന്നിയിട്ടുണ്ട്."

# കുരിശിന്റെ വഴി



പ്രലേറ്റ് ആൽബർട്ട് ഹോളൻസ്റ്റൈൻ 1919-ൽ ന്യൂയോർക്കിൽ ജനിച്ചു.
സ്വിറ്റ്സർലണ്ടിലെ "സാങ്റ്റ് ഗാലൻ" എന്ന സ്ഥലത്തു വളർന്നു.
1946-ൽ ഓസ്ട്രിയയിൽ വച്ച് പൗരോഹിത്യം സ്വീകരിച്ചു.
തുടർന്ന് ഫേൽഡ് കിർഹ് രൂപതയിൽ സേവനം ചെയ്തു.
2004 വരെ, അഞ്ചു പതിറ്റാണ്ടിലേറെക്കാലം "മിസിയോ ബ്രേഗൻസി"ന്റെ ഡയറക്ടർ.
നിസ്തുലമായ സേവനങ്ങൾ പരിഗണിച്ച് നിരവധി പേപ്പൽ ബഹുമതികൾ നല്കപ്പെട്ടു.
ഇപ്പോൾ റുമേനിയയിലെ യാഷ് (Iasi) എന്ന സ്ഥലത്ത് വിശ്രമജീവിതം നയിക്കുന്നു.
വരാപ്പുഴ അതിരൂപതയിലെ ജീവകാരുണ്യ സംരംഭങ്ങൾക്ക് ഉദാരമായ പിന്തുണ നല്കിയിട്ടുള്ള വൈദികശ്രേഷ്ഠനാണ് ഇദ്ദേഹം.

ഇതരകൃതികൾ :

* Der Rosenkranz - Gebetetes Evangelium-
* Kirche bauen Kirche leben
* Wegbegleiter zu Christus Vol 1 & Vol 2
* Hoffnung leben Hoffnung geben
* Chance des Christseins
* Glaubend älter werden

ആൽബർട്ട്
ഹോളൻസ്റ്റൈൻ

# കുരിശിന്റെ വഴി

മൊഴിമാറ്റം :
[illegible]'' വള്ളുവശ്ശേരി

## വിവർത്തകന്റെ ആദിമൊഴി

2006-ൽ മോൺ. ആൽബർട്ട് ഹോളെൻസ്റ്റൈൻ പ്രസിദ്ധീകരിച്ച "കുരിശിന്റെ വഴി" ഹൃദയസ്പർശിയായിത്തോന്നി - ഒരുപക്ഷേ, വർഷങ്ങൾ നീണ്ട ആത്മബന്ധംകൊണ്ടുകൂടിയാവാമത്. ഈ "കുരിശിന്റെ വഴി"യിലെ വിചിന്തനങ്ങളിലൂടെ കടന്നുപോയപ്പോൾ പലപ്പോഴും കണ്ണുകൾ ഈറനണിഞ്ഞു. അതുകൊണ്ടുതന്നെ ഈ ലഘുചിന്തകൾ ഹൃദയമുള്ള ആരെയും സ്പർശിക്കുമെന്നു തോന്നി. അതിനാൽ ഈ മൊഴിമാറ്റത്തിനു ധൈര്യപ്പെടുകയായിരുന്നു.

മൂലകൃതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചിത്രീകരണങ്ങൾ യാഷ് (Iasi) രൂപതയുടെ (റുമേനിയ) ഭദ്രാസനപ്പള്ളിയിലെ "കുരിശിന്റെ വഴി"ലേതാണ്. ഈ പരിഭാഷയിൽ ചിത്രീകരണങ്ങൾ മാറ്റിയിട്ടുണ്ട്. എങ്കിലും മൂലകൃതിയുടെ രുചി ലഭിക്കാൻ പുറംചട്ടയും 15-ാം സ്ഥലത്തിന്റെ ചിത്രീകരണവും അതിലുള്ളതുപോലെതന്നെ ചേർത്തിരിക്കുന്നു. ബാക്കിയുള്ള ചിത്രീകരണങ്ങൾ ഫ്രഞ്ചുകലാകാരനായ ഹെൻട്രി മറ്റീസ്സെ (Henri Matisse 1869 - 1954) യുടേതാണ്. ഫ്രാൻസിലെ ചെറുപട്ടണമായ വെൻസിൽ കൊന്തമാതാവിന്റെ നാമത്തിൽ പ്രതിഷ്ഠിതമായ ചാപ്പലിലാണ് ഇതിന്റെ മൂലരൂപചിത്രീകരണമുള്ളത്. ഈ ചാപ്പലിന്റെ ഉൾഭാഗചിത്രം അവസാനതാളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിലെ വാക്കുകൾ മനസ്സിൽ ചിത്രങ്ങളാക്കുക. ചൊല്ലിത്തീർക്കുന്നതിനല്ല, ധ്യാനിക്കുന്നതിനാണ് ഈ ചെറുകൃതിയിലെ വിചിന്തനങ്ങളും ചിത്രീകരണങ്ങളും.

ഈ പരിഭാഷ സ്ഫുടംചെയ്ത എന്റെ ഗുരുനാഥൻ ഡോ. പ്രീമൂസ് പെരിഞ്ചേരിക്കും പ്രസിദ്ധീകരണത്തിനാവശ്യമായ എല്ലാ സഹായങ്ങളും ചെയ്ത പ്രിയ ഡോ. സാബു ചാക്കോയ്ക്കും ഈ പുസ്തകത്തിന്റെ അച്ചടി നിർവഹിച്ച ബുക്ക്ക്രാഫ്റ്റ്, ചേരാനെല്ലൂരിനും ഹൃദയംഗമമായ നന്ദി.

വരാപ്പുഴഅതിരൂപതാ മെട്രോപ്പോളിറ്റൻ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിന് ഈ അക്ഷരപുഷ്പം ആദരപൂർവം സമർപ്പിക്കുന്നു.

ലോകത്തിനു മുഴുവൻ നന്മയുണ്ടാവട്ടെ. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.

*ഫാ. ക്ലെമന്റ് വള്ളുവശ്ശേരി*

## മൂലഗ്രന്ഥകാരന്റെ മുഖമൊഴി

യേശുനാഥാ, കുരിശും കയ്പ്പേറിയ പീഡനവും നീ ഞങ്ങൾക്കായി ഏറ്റെടുത്തുവല്ലോ. നിന്റെ സ്നേഹത്തിന് യഥോചിതം നന്ദിപറയാൻ ഞങ്ങൾക്കൊരിക്കലും കഴിവില്ല.

നിന്റെ പീഡാസഹനം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ജീവിതക്ലേശങ്ങളുടെ കുരിശുവഹിക്കാൻ നീ ഞങ്ങളെ ക്ഷണിക്കുന്നു. ഞങ്ങളോടൊപ്പം ആ കുരിശു വഹിക്കാമെന്ന് നീ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. അതിനാൽ ഞങ്ങളുടെ കുരിശിന്റെ പാതയും ഉദാത്തമായ ഉയിർപ്പിലേക്ക് ഞങ്ങളെ നയിക്കുന്നുവെന്ന ബോധ്യത്തിൽ, പിതാവായ ദൈവത്തിന്റെ തിരുമനസ്സിന് പൂർണമായും അതേ എന്നു പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നാഥാ, ഞങ്ങളോടൊപ്പം നടക്കണമേ, നിന്നോടൊപ്പം നടക്കാൻ ഞങ്ങളെ സഹായിക്കണമേ.

കുരിശിന്റെ പാതയിൽ യേശുവിനെക്കുറിച്ച് ധ്യാനിക്കുകമാത്രമല്ല, യേശുവിനോട് ഒരു സ്നേഹിതനോടെന്നവണ്ണം സംസാരിക്കുകയും ദൈവവുമായുള്ള സംഭാഷണംവഴി നമ്മുടെ ഹൃദയവും മനസ്സും തുറക്കുകയും ചെയ്യുക; അവന്റെ നിശ്ശബ്ദതയിൽ, അവന്റെ നിസ്സഹായാവസ്ഥയിൽ, അവന്റെ പ്രോത്സാഹനത്തിൽ.

യാഷ് ഭദ്രാസനദേവാലയത്തിലെ "കുരിശിന്റെ വഴി ചിത്രങ്ങൾ" ധ്യാനിക്കാനും പ്രാർത്ഥിക്കാനും പ്രചോദനമാകട്ടെ എന്നു കരുതിയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കുരിശിന്റെവഴിയിലെ ഓരോസ്ഥലവും നമ്മെ സ്പർശിക്കാൻ അനുവദിക്കുന്നതിനു പകരമായി, പലപ്പോഴും നാം നമ്മുടെ "കുരിശിന്റെ വഴി"പ്രാർത്ഥനയിൽ കൂടുതൽ സംസാരിക്കുകയല്ലേ എന്നെനിക്കു തോന്നിയിട്ടുണ്ട്.

കുരിശിന്റെ വഴിയിലെ ഓരോ സ്ഥലവും നിശ്ശബ്ദതയുടെ നിമിഷങ്ങളിൽ ധ്യാനത്തിനായി തന്നവ ഞാനിവിടെ കുത്തിക്കുറിക്കട്ടെ.

*പ്രലേറ്റ് ആൽബർട്ട് ഹോളൻസ്റ്റൈൻ*

## പ്രവേശകം

മധ്യകാലഘട്ടത്തിൽ വിശുദ്ധനഗരം തുർക്കികളുടെ അധീനതയിലായപ്പോൾ വിശ്വാസികൾക്ക് പുണ്യസ്ഥലങ്ങൾ സന്ദർശിക്കാൻ സാധിക്കാതെവന്നു. ആ സാഹചര്യത്തിൽ യൂറോപ്പിലെ പലയിടങ്ങളിലും കുരിശിന്റെ വഴിയിലെ വിവിധ സ്ഥലങ്ങളുടെ മാതൃകയുണ്ടാക്കാൻ ആരംഭിച്ചു. അവിടെ വിശ്വാസികൾ ധാരാളമായി പ്രാർത്ഥിക്കാൻ എത്തിച്ചേർന്നു. ഇത് കുരിശിന്റെ വഴിയുടെ ആരംഭമായി.

മധ്യകാലഘട്ടത്തിലെ ക്രിസ്ത്യാനികൾ ഈശോമിശിഹായുടെ പീഡാസഹനം സംബന്ധിച്ച് സുവിശേഷങ്ങളിൽ നൽകപ്പെട്ടിരിക്കുന്ന വിവരണങ്ങൾക്കപ്പുറമായി മിസ്റ്റിക്കുകളുടെ വ്യാഖ്യാനങ്ങളും അപ്രാമാണികഗ്രന്ഥങ്ങളിലെ വിവരണങ്ങളും ആരാധനക്രമങ്ങളിലും ഭക്തികർമ്മങ്ങളിലും ഉൾപ്പെടുത്തി. അങ്ങനെയാണ് ഈശോ അമ്മയായ മറിയത്തെ കാണുന്നതും വെറോനിക്ക തുടയ്ക്കാൻ തുവാല നൽകുന്നതും ഈശോ മൂന്നുപ്രാവശ്യം വീഴുന്നതും കുരിശിന്റെ വഴിയിലെ വിവിധ സന്ദർഭങ്ങളായി പരിണമിക്കുന്നത്. പീലാത്തോസിന്റെ ഭവനം മുതൽ കാൽവരി വരെ നീളുന്ന ജറുസലേം വീഥിയിലെ വിവിധ സ്ഥലങ്ങൾ അനുകരിച്ച് സ്വഭവനത്തിൽത്തന്നെ കുരിശിന്റെ വഴിയിൽ ആത്മീയ തീർത്ഥാടനം നടത്തുന്ന രീതി വളരെ പെട്ടെന്ന് ജനകീയമായി. 16-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കുരിശിന്റെ വഴിയിൽ ഇന്ന് സാധാരണ പ്രാർത്ഥിക്കുന്ന 14 സ്ഥലങ്ങൾ സ്ഥിരീകരിക്കപ്പെട്ടു. 15-ാം സ്ഥലമായ ഉയിർപ്പ് അടുത്തകാലത്താണ് കൂട്ടിച്ചേർക്കപ്പെട്ടത്.

കുരിശിന്റെ വഴി ഈശോയ്ക്കൊപ്പമുള്ള ആത്മീയയാത്രയാണ്. ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ, ഈ പുസ്തകത്തിലെ ചിത്രീകരണങ്ങളും വിചിന്തനങ്ങളും ധ്യാനത്തിനുള്ളതാണ്. പാരമ്പര്യരീതിയനുസരിച്ച് ഒരു സ്ഥലത്തിന്റെ ആരംഭത്തിൽ "ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു; എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ രക്ഷിച്ചു" എന്നും അവസാനത്തിൽ 1 സ്വർഗസ്ഥനായ പിതാവേ 1 നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയ്ക്കുശേഷം "കർത്താവേ, അനുഗ്രഹിക്കണമേ; പരിശുദ്ധ ദേവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിച്ചുറപ്പിക്കണമേ" എന്നും കൂട്ടിച്ചേർക്കാവുന്നതാണ്.

കുരിശുമരണം വരിച്ച് ഉത്ഥാനം ചെയ്ത ഈശോമിശിഹായുടെ സൗഖ്യസ്പർശ്യം ഏവർക്കും അനുഭവവേദ്യമാകട്ടെ.

വ്യക്തിപരമായി പ്രാർത്ഥിക്കുമ്പോഴും സമൂഹമായി പ്രാർത്ഥിക്കുമ്പോഴും ഇതിലെ ചിത്രീകരണങ്ങൾ മനസ്സിൽ മനനം ചെയ്യുക, വിചിന്തനങ്ങൾ സാവധാനം, ധ്യാനാത്മകമായി വായിക്കുക.

ഈശോ പീലാത്തോസിന്റെ മുമ്പിൽ നില്ക്കുന്നു. ഈ വിധിയുടെ പശ്ചാത്തലം സുവിശേഷത്തിൽ നിന്ന് നമുക്കു സുപരിചിതമാണ്. നിയമസംരക്ഷകനും റോമക്കാരുടെ സ്ഥാനപതിയുമായ പീലാത്തോസ് ആരോപണ വിധേയനായ ഈശോയെ രക്ഷിക്കാൻ ആദ്യം ശ്രമംനടത്തുന്നുണ്ട്, ഈശോയോടുള്ള ദയയെക്കാളുപരിആരോപണം നടത്തുന്നവരോടുള്ള വിദ്വേഷത്താൽ. എന്നാൽ പിന്നീട് പീലാത്തോസിന് സ്വയം പ്രതിരോധിക്കേണ്ടിവരുന്നു. ഒടുവിൽ അയാൾക്ക് ഒരു തിരഞ്ഞെടുപ്പേ നടത്തേണ്ടതായുള്ളു: ഒന്നുകിൽ അവൻ; അല്ലെങ്കിൽ ഞാൻ. അങ്ങനെ അയാൾ പാപമില്ലാത്ത ഈശോയെ മരണത്തിനു വിധിക്കുന്നു. ഉത്തരവാദിത്വം മറ്റുള്ളവരുടെമേൽ ചുമത്തുന്നു. നിരപരാധി എന്ന മട്ടിൽ കൈകഴുകുന്നു.

നില്ക്കുകയാണ്, നസ്രായനായ യേശു. എന്തെന്നാൽ കോടതിയിൽ നില്ക്കാനേ നിവൃത്തിയുള്ളു. കുരിശുമരണത്തിലേക്കു നയിക്കുന്ന വിധിവേളയിലും ഈശോ നില്ക്കുന്നു. എല്ലാം അവനെ സംബന്ധിച്ചിടത്തോളം സംഭവിക്കേണ്ടതാണ്. അവൻ അതിനെതിരേ പ്രതികരിക്കുന്നില്ല, മുഷ്ടി ചുരുട്ടുന്നില്ല. പ്രതിഷേധത്തിന്റെ സ്വരമോ ശിക്ഷിക്കുന്ന നോട്ടമോ കാണാനില്ല. വിധിക്കപ്പെട്ടവൻ വിധിച്ചയാളെക്കാൾ വലുതാകുന്നു. തന്റെ വിധിയാളന്റെ വിധിയിൽ അവൻ ദൈവചിത്തം തിരിച്ചറിയുകയും അത് അപ്പാടേ അംഗീകരിക്കുകയും ചെയ്യുന്നു.

ഈശോ പറയുന്നു: **"നിങ്ങൾ വിധിക്കരുത്; നിങ്ങളും വിധിക്കപ്പെടുകയില്ല. കുറ്റാരോപണം നടത്തരുത്; നിങ്ങളുടെമേലും കുറ്റം ആരോപിക്കപ്പെടുകയില്ല"** (ലൂക്കാ 6, 37).

നാഥാ, ഇന്നും ഇത് എത്ര പ്രാവശ്യം സംഭവിക്കുന്നു! മനുഷ്യർ പരസ്പരം വിധിക്കുന്നു, പരസ്പരം ശിക്ഷിക്കുന്നു, ഒരവസരം പോലും നല്കാതെ. മനുഷ്യർ മറ്റുള്ളവരെ ചൂണ്ടിക്കാണിക്കും, തങ്ങൾ മറ്റുള്ളവരെക്കാൾ മാന്യന്മാരാണ് എന്നു സ്ഥാപിക്കാൻ.

ഈശോ തന്റെ കുരിശ് ചുമലിൽ വഹിക്കുന്നു. ഓരോരുത്തരും അവരവരുടെ കുരിശെടുക്കാൻ അവൻ ക്ഷണിക്കുന്നു. അനുദിനജീവിതത്തിലെ ഈ കുരിശിന് വിവിധ പേരുകളുണ്ടാകാം: രോഗം, വാർദ്ധക്യം, ഏകാന്തത, മനോവിഷമം, ഇച്ഛാഭംഗം, ആരും എന്നെ മനസ്സിലാക്കുന്നില്ലെന്ന തോന്നൽ, ഉലഞ്ഞ ബന്ധങ്ങൾ, പരാജയം, തൊഴിൽമേഖലയിലെ കാഠിന്യം...

ഈശോ തന്റെ കുരിശിനോട് "അതേ" എന്നു പറയുന്നു; കുരിശിന്റെ ഭാരം താങ്ങാവുന്നതിലധികമായെന്നു തോന്നുമ്പോഴും. ഈശോയ്ക്ക് അതിനെതിരേ പ്രതിഷേധിക്കുകയും ആളുകൾ തന്നെ പ്രതിരോധിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യാമായിരുന്നു. അവന് വേണമെങ്കിൽ പറയാമായിരുന്നു: "ഞാൻ നിരപരാധിയാണ്, ഞാനെന്തിനു സഹിക്കണം?". എന്നിട്ടും മുറുമുറുപ്പില്ലാതെ അവൻ തന്റെ കുരിശെടുക്കുകയാണ്.

ഈശോ അറിയുന്നു, നാം എങ്ങനെ കുരിശിൽനിന്ന്, രോഗത്തിൽനിന്ന്, വേദനയിൽനിന്ന് ഓടിയകലുന്നുവെന്ന്. ശകാരവർഷങ്ങളുമുതിർക്കും: "ഞാനെന്തിന് ഈ കുരിശുവഹിക്കണം? അത് ദൈവത്തിന് എന്നിൽ നിന്നാവശ്യപ്പെടാനാവില്ല".

യേശു പറയുന്നു: **"ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ"** (മത്തായി 16, 24).

യേശു തന്റെ കുരിശിൽ അടിപതറിയില്ല. അവൻ ഇപ്പോഴും നമ്മുടെ ജീവിതത്തിലെ ഇരുണ്ടയാമങ്ങളിൽ നമ്മെ നയിക്കുന്നു. അവൻ നമ്മുടെ മുമ്പേ പോയതുകൊണ്ട് നമുക്കു വഴികണ്ടുപിടിക്കാനാവും. യേശുവിൽ വിശ്വസിച്ചുകൊണ്ട് കുരിശുവഹിക്കുന്ന ഏവർക്കും താൻ ഏകനല്ല എന്ന് അനുഭവിച്ചറിയാൻ സാധിക്കുകതന്നെ ചെയ്യും. നാഥാ, എന്നെ താങ്ങണമേ; എന്റെ ജീവിതയാത്രയിൽ എന്റെ കുരിശും.

വഹിക്കുന്ന ഭാരം താങ്ങാവുന്നതിലധികമാകുമ്പോൾ മനുഷ്യൻ കുഴഞ്ഞുവീഴുന്നത് സാധാരണം. ദൈവപുത്രനായ യേശു തന്റെ ഇഹലോകജീവിതത്തിൽ പരിപൂർണമനുഷ്യനായിരുന്നു. കുരിശിന്റെ ഭാരം ലഘൂകരിക്കാൻ അവൻ തന്റെ ദൈവികത ഉപകരണമാക്കിയില്ല. മാനുഷികശക്തിമാത്രമാണ് അവനു തുണയായത്, അത് പരിമിതവുമായിരുന്നു. അവൻ വീഴുകയും ശക്തിക്ഷയിച്ച് നിലത്തുകിടക്കുകയും ചെയ്യുന്നു. അക്ഷരാർത്ഥത്തിൽ അവൻ നിലംപരിശായി. ദുരിതങ്ങളിൽ ഒന്നുപോലും അവനുവേണ്ടി വഴിമാറിനിന്നില്ല. അവയെല്ലാം നമുക്കുവേണ്ടി അവൻ സ്വീകരിച്ചു. വീണ്ടും അവൻ എഴുന്നേല്ക്കുന്നു, അവസാനശക്തിയും സംഭരിച്ച് കുരിശിന്റെ വഴിയിലൂടെ നടക്കുന്നു.

നമ്മുടെയും ജീവിതയാത്രയിൽ, ചിലപ്പോഴെങ്കിലും കുരിശിന്റെ വഴിയാകുന്ന ജീവിതയാത്രയിൽ, നാം വീണുപോയേക്കാം. നമുക്കു താങ്ങാനാവാത്ത ഭാരമാകുന്നത് രോഗമാകാം; അല്ലെങ്കിൽ എന്തെങ്കിലുമൊരു മനോവ്യഥയാകാം. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഇരകളും അടിമകളുമായിത്തീർന്നവരോടൊപ്പം ഈശോയും നിലത്തുവീണുകിടക്കുന്നു; വീണ്ടും എഴുന്നേല്ക്കാനാഗ്രഹിക്കുകയും എന്നാൽ പലപ്പോഴും അതിനു കഴിയാതിരിക്കുകയും ചെയ്യുന്ന ഏവരോടുമൊപ്പം.

118-ാം സങ്കീർത്തനം 13-ാം വാക്യം പറയുന്നു: **"അവർ തള്ളിക്കയറി; ഞാൻ വീഴുമായിരുന്നു; എന്നാൽ കർത്താവ് എന്റെ സഹായത്തിനെത്തി".**

എന്റെ പാപങ്ങളല്ലാതെ മറ്റെന്താണ് ഈശോയെ വീഴിച്ചത്; ഞാൻ എന്നോടുതന്നെ ചോദിക്കുന്നു. നാം വീഴുമ്പോൾ മാത്രമല്ല എഴുന്നേൽക്കാൻ ശ്രമിക്കേണ്ടത്. കുരിശിന്റെ വഴിയിലെ ഈ സ്ഥലം നമ്മോടു പറയുന്നു; നിലത്തുകിടക്കുന്ന ആരും നിരാശരായി എഴുന്നേല്ക്കാനുള്ളശ്രമം വിട്ടുകളയരുത്, എന്തെന്നാൽ, വീഴ്ചയിൽനിന്ന് എഴുന്നേല്ക്കാൻ ഈശോ നമ്മെ സഹായിക്കുന്നു.

ജനം തീവ്രതയോടെ ഉത്തേജിതരായി യേശുവിനുവേണ്ടി ആർപ്പുവിളിച്ചപ്പോൾ മറിയം അവിടെ ഇല്ലായിരുന്നു; ഇപ്പോൾ അവൻ എല്ലാവരാലും പരിത്യക്തനായി കാൽവരിയിലേക്ക് കുരിശും വഹിച്ചു നീങ്ങുമ്പോൾ അവൾ അതാ അവിടെ! ഭാരമുള്ള കുരിശുമരം അവനെ നിലത്തുവീഴിക്കുന്നു. രക്തം ഉണങ്ങിപ്പിടിച്ച അവന്റെ മുഖത്ത് മുൾക്കിരീടം നിഴൽവീഴ്ത്തുന്നു. അവന്റെ നടത്തം പറഞ്ഞറിയിക്കാനാവാത്ത വേദന വിളിച്ചോതുന്നു. മറിയം ജനങ്ങളുടെ ഇടയിൽനിന്ന് മുമ്പോട്ടുവരുന്നു. മകനെ കെട്ടിപ്പുണരുന്നു. ജീവിക്കുന്നവന്റെ അവസാന ആലിംഗനമാണത്.

അമ്മയാവുകയും മകനെ സഹായിക്കാൻ കഴിയാതെവരികയും ചെയ്യുക എന്നത് ആർക്ക് താങ്ങാനാവും? മറിയത്തിനും തന്റെ മകനെ സഹായിക്കാനാവുന്നില്ല. എന്നിട്ടും ഇവിടെ സഹായം നല്കപ്പെടുന്നുണ്ട്. തന്റെ അമ്മ തന്നെ സ്നേഹിക്കുന്നുവെന്ന് ഈശോ അനുഭവിച്ചറിയുന്നു. തനിക്കു സംഭവിക്കുന്നതെല്ലാം അമ്മ മനസ്സിലാക്കുന്നുവെന്ന് അവൻ തിരിച്ചറിയുന്നു.

ശിമയോൻ മറിയത്തോടു പറഞ്ഞു: **"നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും"** (ലൂക്കാ 2, 35).

അമ്മയുടെ സാന്നിദ്ധ്യം ഈശോയ്ക്ക് ഏറെ വിലപ്പെട്ടതാണെന്ന് നമുക്കു മനസ്സിലാക്കാൻ കഴിയും. അവൻ വെറുപ്പും വിദ്വേഷവും മാത്രം അനുഭവിക്കുന്ന ആ നിമിഷത്തിൽ അവൾ മകന് സ്നേഹം സമ്മാനിക്കുന്നു. തന്റെ മകന്റെ കുരിശിന്റെ വഴിയിൽ സ്നേഹസാന്നിദ്ധ്യം കൊണ്ട് താൻ അമ്മയാണെന്ന് മറിയം തെളിയിക്കുന്നു.

എന്നിട്ടും ആര് ആരെയാണ് കൂടുതൽ സഹായിക്കുന്നത്? അമ്മ മകനെയോ മകൻ അമ്മയെയോ?

പലപ്പോഴും സന്ദർശകരെത്തുന്നു, രോഗികളെക്കാണാൻ, അവരെ ആശ്വസിപ്പിക്കാൻ. എന്നാൽ ചിലപ്പോൾ അവരാൽ ആശ്വസിപ്പിക്കപ്പെടുന്നതായി സന്ദർശകർ സ്വയം അനുഭവിച്ചറിയുകയും ചെയ്യുന്നു!